# ആരോഗ്യ കേരളം

2022 മെയ്

വാർത്താപത്രിക

AROGYAKERLAM NEWS LETTER

follow us on /arogyakeralam https://arogyakeralam.gov.in


## കൊവിഡ് വൈറസ് പോയിട്ടില്ല

⚠ മാസ്ക് ധരിക്കുക ⚠ വാക്സിൻ സ്വീകരിക്കുക ⚠ കൈ കഴുകുക ⚠ അകലം പാലിക്കുക

# സംസ്ഥാനത്ത് ലാബ് നെറ്റ്‌വർക്ക് സംവിധാനം സാധ്യമാക്കാം: മന്ത്രി വീണാ ജോർജ്

**തൈക്കാട് ആശുപത്രിയിൽ ഇൻഫെർട്ടിലിറ്റി ക്ലിനിക്ക് സ്വതന്ത്ര യൂണിറ്റാക്കും; 20 ലക്ഷം രൂപയുടെ തൈറോയിഡ് പരിശോധനാ മെഷീൻ**




ഡി.ഇ.ഐ.സി. സെൻസറി ഇന്റഗ്രേഷൻ റൂമിന്റെ ഉദ്ഘാടനം ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്ജ് നിർവഹിക്കുന്നു



> ആധുനിക പരിശോധനാ സൗകര്യങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങൾ മുതലുണ്ടാകും. ലാബുകൾക്ക് ഹബ് ആന്റ് സ്പോക്ക് മോഡൽ നടപ്പിലാക്കും



> കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റുകളിലെ വെയിറ്റിംഗ് ഏരിയയിൽ ഓപ്പൺ ജിം ആരംഭിക്കുന്നതിനായി സ്ഥലം ലഭ്യമാക്കുന്ന കാര്യം പരിഗണിക്കും

തിരുവനന്തപുരം: സംസ്ഥാനത്ത് രണ്ട് വർഷത്തിനകം ലാബ് നെറ്റ് വർക്ക് നടപ്പിലാക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. തൈക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലെ പീഡിയാട്രിക് തീവ്ര പരിചരണ യൂണിറ്റിന്റേയും ഡി.ഇ.ഐ.സി. സെൻസറി ഇന്റഗ്രേഷൻ റൂമിന്റേയും ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. ആധുനിക പരിശോധനാ സൗകര്യങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങൾ മുതലുണ്ടാകും. ലാബുകൾക്ക് ഹബ് ആന്റ് സ്പോക്ക് മോഡൽ നടപ്പിലാക്കും. പകർച്ച വ്യാധികളെയും പകർച്ചേതര വ്യാധികളേയും ഫലപ്രദമായി തടയാനുള്ള സംവിധാനമാണിത്. 2025 ഓടെ വിവിധതരം രോഗങ്ങളെ നിർമാർജനം ചെയ്യാനുള്ള തീവ്രയജ്ഞത്തിലാണ് ആരോഗ്യ വകുപ്പ്. ഈ സംവിധാനം എല്ലാവർക്കും പ്രാപ്യമായ രീതിയിൽ നടപ്പിലാക്കുമെന്നും മന്ത്രി വ്യക്തമാക്കി.

തൈക്കാട് ആശുപത്രിയിലെ ഇൻഫെർട്ടിലിറ്റി ക്ലിനിക്ക് സ്വതന്ത്ര യൂണിറ്റാക്കുന്നതാണ്. കേരളത്തിൽ നിന്നും തമിഴ്നാട്ടിൽ നിന്നും തൈക്കാട് ആശുപത്രിയി ചികിത്സയ്ക്കായി എത്താറുണ്ട്. അതിനാലാണ് സർക്കാർ ഈ ആശുപത്രിക്ക് വളരെ പ്രാധാന്യം നൽകുന്നത്. സമയബന്ധിതമായി ഇൻഫെർട്ടിലിറ്റി ക്ലിനിക്ക് പൂർത്തിയാക്കും. 2 കോടി രൂപയോളം ചെലവഴിച്ച് ലക്ഷ്യ ലേബർ റൂമിന്റെ നിർമ്മാണം നടന്നുവരികയാണ്. സ്വകാര്യ ആശുപത്രികളിൽപ്പോലുമില്ലാത്ത സംവിധാനങ്ങളാണ് തൈക്കാട്



ആശുപത്രിയിൽ ഉദ്ഘാടനം ചെയ്തത്. കുട്ടികളുടെ ആരോഗ്യവും അമ്മയുടെ ആരോഗ്യവും പ്രധാനമാണ്. കുഞ്ഞുങ്ങൾക്കുണ്ടാകുന്ന വൈകല്യങ്ങൾ ജന്മനാ തന്നെ കണ്ടുപിടിച്ച് ഫലപ്രദമായി ചികിത്സ ഉറപ്പാക്കുന്നതിനാണ് ഡി.ഇ.ഐ.സി.കൾ സജ്ജമാക്കിയിരിക്കുന്നത്. ഇതുകൂടാതെ മികച്ച സേവനം നൽകുന്നതിന് സെൻസറി ഇന്റഗ്രേഷൻ റൂമും തയ്യാറാക്കിയിട്ടുണ്ട്. ഇതിന് പുറമേയാണ് നൂതന പീഡിയാട്രിക് ഐസിയുകൾ സജ്ജമാക്കിയിരിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.

ആരോഗ്യ വകുപ്പിന്റെ അഭ്യർത്ഥന പ്രകാരം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റുകളിലെ വെയിറ്റിംഗ് ഏരിയയിൽ ഓപ്പൺ ജിം ആരംഭിക്കുന്നതിനായി സ്ഥലം ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു പറഞ്ഞു. ആശുപത്രിയിൽ തന്നെ തൈറോയിഡ് പരിശോധിയ്ക്കുന്നതിന് 20 ലക്ഷം രൂപ ചെലവഴിച്ച് തൈക്കാട് ആശുപത്രിയിൽ അത്യാധുനിക മെഷീൻ സജ്ജമാക്കുന്നതാണ്. 12 ഓളം ടെസ്റ്റുകൾ ഇതിലൂടെ ചെയ്യാൻ സാധിക്കുന്നതാണ്. ആരോഗ്യ വകുപ്പ് തൈക്കാട് ആശുപത്രിക്ക് പ്രത്യേക പരിഗണന നൽകുന്നുണ്ട്. ആരോഗ്യ മന്ത്രി നേരിട്ട് ഇടപെട്ട് തൈക്കാട് ആശുപത്രിയിൽ മുടങ്ങിക്കിടന്ന പല പദ്ധതികളും നടപ്പിലാക്കുന്നതിൽ സ്ഥലം എം.എൽ.എ. എന്ന നിലയിൽ സന്തോഷമുണ്ടെന്നും മന്ത്രി ആന്റണി രാജു പറഞ്ഞു.

അറിയാം വളരാം ചിത്രകഥാ പ്രകാശനം മന്ത്രി വീണാ ജോർജും ഡി.ഇ.ഐ.സി. ബോധവത്ക്കരണ വീഡിയോ മന്ത്രി ആന്റണി രാജുവും നിർവഹിച്ചു.

ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. രാജൻ എൻ. ഖോബ്രഗഡെ, കൗൺസിലർമാരായ ജി. മാധവദാസ്, എസ്. കൃഷ്ണകുമാർ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ജോസ് ഡിക്രൂസ്, ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ആശ വിജയൻ, ആശുപത്രി സൂപ്രണ്ട് ഡോ. കെ.കെ. ശാന്ത, ഡോ. ശശി കുമാർ, ഡോ. ശ്രീഹരി എന്നിവർ പങ്കെടുത്തു.

# എലിപ്പനിക്കെതിരെ അതീവ ജാഗ്രത: മൃത്യുഞ്ജയം കാമ്പയിൻ

തിരുവനന്തപുരം: സംസ്ഥാനത്ത് വ്യാപകമായി മഴ തുടരുന്ന സാഹചര്യത്തിൽ എലിപ്പനിയ്ക്കെതിരെ ആരോഗ്യ വകുപ്പ് 'മൃത്യുഞ്ജയം' എന്നപേരിൽ കാമ്പയിൻ ആരംഭിച്ചു. ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് കാമ്പയിന്റെ ഉദ്ഘാടനവും പോസ്റ്റർ പ്രകാശനവും നിർവഹിച്ചു.

എലിപ്പനി ബോധവത്ക്കരണത്തിനും ജാഗ്രതയ്ക്കും വേണ്ടിയാണ് കാമ്പയിൻ ആരംഭിച്ചതെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. വീട്ടിൽ ചെടി വച്ചുപിടിപ്പിക്കുന്നവർ ഉൾപ്പെടെയുള്ള മണ്ണുമായും, മലിനജലവുമായും സമ്പർക്കമുള്ള എല്ലാവരും എലിപ്പനി പ്രതിരോധ ഗുളികയായ ഡോക്സിസൈക്ലിൻ കഴിക്കണം. ഡോക്സിസൈക്ലിൻ എല്ലാ സർക്കാർ ആശുപത്രികളിലും സൗജന്യമായി ലഭിക്കുന്നതാണ്. പകർച്ചവ്യാധികൾക്കെതിരെ തദ്ദേശ സ്വയംഭരണ വകുപ്പുമായി ചേർന്ന് ആരോഗ്യ വകുപ്പ് ശുചീകരണ യജ്ഞം നടത്തിവരികയാണ്. വീടുകളിൽ എല്ലാ ഞായറാഴ്ചകളിലും ഡ്രൈഡേ ആചരിക്കണം.സ്കൂളുകളിൽ വെള്ളിയാഴ്ചകളിലും, സ്ഥാപനങ്ങളിൽ ശനിയാഴ്ചകളിലും ഡ്രൈ ഡേ ആചരിക്കണം. വീടും, സ്ഥാപനവും, പരിസരവും ശുചിയാക്കണം. കൊതുകുജന്യ, ജന്തുജന്യ, ജലജന്യ രോഗങ്ങൾക്കെതിരെ ജാഗ്രത പാലിക്കണം. എന്തെങ്കിലും രോഗ ലക്ഷണങ്ങൾ കാണുന്നെങ്കിൽ ചികിത്സ തേടേണ്ടതാണെന്നും മന്ത്രി വ്യക്തമാക്കി.

**എലിപ്പനി ശ്രദ്ധിച്ചില്ലെങ്കിൽ ഏറെ അപകടം**

രോഗാണുവാഹകരായ എലി, അണ്ണാൻ, പശു, ആട്, നായ എന്നിവയുടെ മൂത്രം, വിസർജ്യം മുതലായവ കലർന്ന വെള്ളവുമായോ മണ്ണുമായോ സമ്പർക്കം വരുന്നവർക്കാണ് ഈ രോഗം പകരുന്നത്. പെട്ടെന്നുണ്ടാവുന്ന ശക്തമായ പനിയും പനിയോടൊപ്പം



മൃത്യുഞ്ജയം ക്യാമ്പയിൻ പോസ്റ്റർ പ്രകാശനം ആരോഗ്യ മന്ത്രി വീണാ ജോർജ് നിർവഹിക്കുന്നു

ചിലപ്പോൾ വിറയലും ഉണ്ടാവാം. കഠിനമായ തലവേദന, പേശീവേദന, കാൽമുട്ടിന് താഴെയുള്ള വേദന, നടുവേദന, കണ്ണിന് ചുവപ്പുനിറം, മഞ്ഞപ്പിത്തം, ത്വക്കിനും കണ്ണുകൾക്കും മഞ്ഞനിറമുണ്ടാവുക, മൂത്രം മഞ്ഞ നിറത്തിൽ പോവുക എന്നീ രോഗലക്ഷണങ്ങളുമുണ്ടാകാം.

**പ്രതിരോധ മാർഗങ്ങൾ**

മലിനജലവുമായും മണ്ണുമായും സമ്പർക്കത്തിൽ ഏർപ്പെടുന്നവരും, ശുചീകരണ തൊഴിലാളികളും, വെള്ളത്തിലിറങ്ങുന്ന സന്നദ്ധ പ്രവർത്തകരും വ്യക്തി സുരക്ഷാ ഉപാധികളായ കയ്യുറ, മുട്ട് വരെയുള്ള പാദരക്ഷകൾ, മാസ്ക് എന്നിവ ഉപയോഗിക്കുക.

കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കുട്ടികളെ കളിക്കാൻ അനുവദിക്കരുത്. വെള്ളത്തിലിറങ്ങിയാൽ കൈയ്യും കാലും സോപ്പ് ഉപയോഗിച്ച് നന്നായി കഴുകേണ്ടതാണ്.

മലിനജലവുമായി സമ്പർക്കം വരുന്ന കാലയളവിൽ പരമാവധി ആറാഴ്ചത്തേക്ക് ആഴ്ചയിലൊരിക്കൽ ഡോക്സിസൈക്ലിൻ ഗുളിക 200 മില്ലീഗ്രാം (100 മില്ലീഗ്രാമിന്റെ രണ്ട് ഗുളിക) കഴിച്ചിരിക്കേണ്ടതാണ്.

എലിപ്പനിയുടെ പ്രാരംഭ ലക്ഷണങ്ങൾ കണ്ടാൽ ഉടൻതന്നെ, ആരോഗ്യ പ്രവർത്തകരുമായി ബന്ധപ്പെടുകയോ ചികിത്സ തേടുകയോ ചെയ്യേണ്ടതാണ്. യാതൊരു കാരണവശാലും സ്വയം ചികിത്സ പാടില്ല.


## വാക്സിനെടുക്കാൻ മടി വേണ്ട

**കൊവിഡ് വാക്സിനെടുത്തവരിൽ**

- രോഗസാധ്യത കുറയുന്നു
- രോഗം വന്നാലും തീവ്രമാകാനുള്ള സാധ്യത കുറയുന്നു
- മരണസാധ്യത കുറയുന്നു




ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, കേരള സർക്കാർ

# അമ്മയുടെ ചൂടേറ്റ് വളരാം

## കങ്കാരു മദർ കെയർ ചികിത്സാ രീതിക്ക് പ്രാധാന്യമേറുന്നു...



തിരുവനന്തപുരം: നവജാത ശിശുക്കളുടെ ആരോഗ്യകാര്യമായ വളർച്ചക്കായി കങ്കാരു മദർ കെയർ ചികിത്സാ രീതിയുടെ പ്രാധാന്യമേറുന്നു. അമ്മയുടെ ശരീരോഷ്മാവ് കുഞ്ഞിന് പകർന്ന് നൽകി കുഞ്ഞിന്റെ വളർച്ചക്ക് സഹായിക്കുന്നതാണ് കങ്കാരു കെയർ ചികിത്സാ രീതി. ശരീര ഭാരം കുറഞ്ഞതും, മാസം തികയാതെയും (37 ആഴ്ചകൾക്ക് മുൻപ്) ജനിക്കുന്ന ശിശുക്കളിൽ, ശരീരോഷ്മാവ് നിശ്ചിത അളവിൽ ഉപകരണങ്ങളുടെ സഹായമില്ലാതെ ക്രമീകരിക്കുകയാണ് കങ്കാരു മദർ കെയർ (കെ.എം.സി) ചികിത്സ രീതിയിലൂടെ.

**കങ്കാരു മദർ കെയർ (കെഎംസി) ചികിത്സാ രീതി**

1970 കളിൽ കൊളംബിയയിലാണ് സ്കിൻ ടു സ്കിൻ കെയർ എന്ന രീതി ആദ്യമായി പരീക്ഷിക്കപ്പെട്ടത്. ഇൻക്യുബേറ്ററുകളുടെ ദൗർലഭ്യവും അന്നത്തെ ആശുപത്രികളിലെ തിരക്ക് മൂലമുള്ള അണുബാധയുമാണ് ഈ കണ്ടുപിടിത്തത്തിന് ഇടയാക്കിയത്. ക്രമേണ ഇതിന് പ്രചാരമേറി. 1996 ൽ ഇറ്റലിയിൽ നടന്ന ആദ്യ അന്താരാഷ്ട്ര ശിൽപശാലയിൽ കങ്കാരു മദർ കെയർ എന്ന പേര് ആദ്യമായി അംഗീകരിക്കപ്പെടുകയും ചെയ്തു.

**എന്താണ് കെ. എം. സി ?**

കുഞ്ഞിന്റെ നിലനിൽപ്പിന് ശ്വസനം, രക്തചംക്രമണം എന്നിവയ്ക്കൊപ്പം പ്രാധാന്യമർഹിക്കുന്ന ഒന്നാണ് ശരീരോഷ്മാവ്.

കങ്കാരുക്കളിൽ അമ്മ കങ്കാരുവിന്റെ ശരീരോഷ്മാവ് കുഞ്ഞിന് അതേപടി പകർന്നു നൽകി, ഊർജ്ജനഷ്ടം കുറക്കുകയും, ശരീരഭാരം കൂട്ടുകയും ചെയ്യുന്ന അതേ രീതിയാണ് മനുഷ്യക്കുഞ്ഞുങ്ങളിലും പ്രയോഗിക്കുന്നത്. അമ്മയുടെയും കുഞ്ഞിന്റെയും ത്വക്കുകൾ ചേർന്നിരിക്കുന്ന വിധത്തിൽ പരിചരിക്കുന്ന രീതിയാണ് ഇത്.

**കെ. എം. സിയുടെ പ്രധാന ഘടകങ്ങൾ**

- കുഞ്ഞിന്റെയും പരിചരിക്കുന്ന ആളുടേയും ത്വക്കുകൾ തമ്മിൽ ചേർന്നിരിക്കുന്ന അവസ്ഥ.
- കുഞ്ഞിന് മുലപ്പാൽ മാത്രം നൽകൽ.
- വീട്ടിലും കെ എം സി തുടരുന്നതിനുള്ള മാനസിക തയ്യാറെടുപ്പ്.

**കെ. എം. സി ആർക്കെല്ലാം ?**

ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഇല്ലെങ്കിൽ 2.5 (2500 ഗ്രാം) ൽ കുറവ് ഭാരമുള്ള എല്ലാ കുഞ്ഞുങ്ങൾക്കും കെ.എം.സി നൽകാവുന്നതാണ്. സങ്കീർണ്ണമായ ചികിത്സകൾ ആവശ്യമുള്ള കുഞ്ഞുങ്ങൾക്കും അതീവ ശ്രദ്ധ നൽകി കെ.എം.സി നൽകാൻ കഴിയും. കുഞ്ഞുങ്ങളുടെ ആരോഗ്യസ്ഥിതിയും തൂക്കവും അനുസരിച്ച് ജനിച്ച ദിവസം മുതലോ, അതിനടുത്ത ദിവസങ്ങളിലോ കെ.എം.സി തുടങ്ങാവുന്നതാണ്.

**കെ എം സി നൽകുമ്പോൾ ശ്രദ്ധിക്കേണ്ടവ**

- കെ.എം.സി നൽകുന്നവരുടെ മാനസിക തയ്യാറെടുപ്പ് അത്യാവശ്യമാണ് .
- മുഴുവൻ കുടുംബങ്ങൾക്കും ഈ രീതിയെകുറിച്ച് പറഞ്ഞു കൊടുക്കുക.
- സംശയങ്ങൾ ദൂരീകരിച്ച് ആത്മവിശ്വാസം വളർത്തുക.
- കെ.എം.സി നൽകിക്കൊണ്ടിരിക്കുന്ന മറ്റ് കുഞ്ഞുങ്ങളുടെ രക്ഷിതാക്കളുമായി സംസാരിക്കാൻ സാഹചര്യം നൽകുക.
- മുൻഭാഗം തുറക്കാവുന്ന അയഞ്ഞ വസ്ത്രമാണ് അമ്മമാർ ധരിക്കേണ്ടത്.
- കുഞ്ഞിന് തുണിതൊപ്പി, കാലുറ, മുൻഭാഗം തുറക്കുന്ന കുഞ്ഞുടുപ്പ് എന്നിവ അണിയിക്കാം.
- അരയിൽ കെട്ടാനുള്ള തുണിയും കരുതുക.

**കെ. എം. സിയുടെ രീതി**

- സൗകര്യപ്രദമായി 45 ഡിഗ്രി ചാരിയിരിക്കുന്ന രീതിയാണ് കെ.എം.സിക്ക് നല്ലത്. ചാരുകസേരയിൽ ഇരിക്കുന്ന രീതിയിലും കെ.എം.സി നൽകാം.
- അമ്മയുടെ സ്തനങ്ങൾക്കിടയിലായി കുഞ്ഞിനെ കമഴ്ത്തി കിടത്താൻ ശ്രദ്ധിക്കണം.
- തല ഒരു വശത്തേക്കും അൽപം മുകളിലേക്കും ചരിഞ്ഞിരിക്കാൻ ശ്രദ്ധിക്കണം. ഇത് ശ്വാസനാളം തുറന്നിരിക്കാൻ സഹായിക്കും.
- കുഞ്ഞിന്റെ കാലുകൾ w ആകൃതിയിൽ വളഞ്ഞു അമ്മയുടെ ഉദരഭാഗത്ത് ഇരുവശത്തേയ്ക്കുമാണെന്ന് ഉറപ്പുവരുത്തണം.
- കുഞ്ഞിന്റെ അരമുതൽ കീഴോട്ട് വീതിയുള്ള ഒരു തുണി കൊണ്ട് അമ്മയോടൊപ്പം ചുറ്റിവയ്ക്കാവുതാണ്.
- ഇതിനുശേഷം അമ്മയേയും കുഞ്ഞിനേയും ഒരുമിച്ച് മൂടാവുന്ന രീതിയിലെ വസ്ത്രം ധരിക്കാവുന്നതാണ്. കുഞ്ഞിന്റെ തലഭാഗം മൂടാതിരിക്കാൻ ശ്രദ്ധിക്കണം.

**കെ. എം. സി എത്ര സമയം നൽകാം?**

- ഏറ്റവും കുറഞ്ഞത് 1 മണിക്കൂർ മുതൽ 2 മണിക്കൂർ വരെയും തുടർച്ചയായി നൽകിയാൽ മാത്രമേ കെഎംസി ഫലപ്രദമാകൂ. ഒരു ദിവസത്തിൽ 24 മണിക്കൂർ വേണമെങ്കിലും കെഎംസി നൽകാവുന്നതാണ്.
- അമ്മയ്ക്ക് വിശ്രമം ആവശ്യമുള്ളപ്പോഴോ ഒന്നിൽ കൂടുതൽ കുഞ്ഞുങ്ങൾ ഉള്ളപ്പോഴോ (ഇരട്ടക്കുട്ടികളോ കൂടുതലോ)
- അച്ഛനോ കുടുംബത്തിലെ മറ്റു ബന്ധുക്കൾക്കോ കെഎംസി നൽകാവുന്നതാണ്.
- കെഎംസി നൽകുമ്പോഴും അമ്മയ്ക്ക് ദൈനംദിന പ്രവർത്തികൾ ചെയ്യുന്നതിന് (ഉറങ്ങുക, നടക്കുക, ഭക്ഷണം കഴിക്കുക, വർത്തമാനം പറയുക) ഒരു തടസ്സവുമില്ല.

**കെ. എം. സി യുടെ ഗുണങ്ങൾ**

- കുഞ്ഞിന്റെ ശരീരോഷ്മാവ് താഴ്ന്ന് പോകാതെ തടയുന്നു.
- മുലപ്പാൽ നൽകുന്നത് അനായാസമാക്കുന്നു.
- ആശുപത്രി വാസം കുറക്കുന്നു.
- അണുബാധ, ശ്വസനത്തിലെ തകരാറുകൾ എന്നിവ കുറയ്ക്കുന്നു.
- അമ്മയ്ക്കും കുഞ്ഞിനും മാനസിക സംഘർഷം കുറയ്ക്കുന്നു.
- അമ്മയും കുഞ്ഞുമായുള്ള വൈകാരിക ബന്ധം ബലപ്പെടുത്തുന്നു.
- കുഞ്ഞിന്റെ ശാരീരികവും ബുദ്ധിപരവുമായ വളർച്ച ത്വരിതപ്പെടുത്തുന്നു.

നമ്മുടെ നാട്ടിൽ കഴിഞ്ഞ കുറേ വർഷങ്ങളായി സർക്കാർ മെഡിക്കൽ കോളേജുകളിലും ചില സ്വകാര്യ ആശുപത്രികളിലും നവജാത ശിശു വിഭാഗങ്ങളിൽ ഈ ചികിത്സാരീതി അവലംബിക്കുന്നുണ്ട്. ഇതിനായി ആരോഗ്യ പ്രവർത്തകർക്ക് പരിശീലനവും നൽകുന്നു.



# ഏറ്റവും ഗുണനിലവാരമുള്ള ചികിത്സ പരമാവധി സൗജന്യമായി നൽകുക ലക്ഷ്യം: മന്ത്രി വീണാ ജോർജ്

### ബാലമിത്രയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചു



പത്തനംതിട്ട : ഏറ്റവും ഗുണനിലവാരമുള്ള ചികിത്സ പരമാവധി സൗജന്യമായി ജനങ്ങൾക്ക് നൽകുകയാണ് സർക്കാർ ലക്ഷ്യമെന്ന് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. അങ്കണവാടി കുട്ടികൾക്കായുള്ള കുഷ്ഠരോഗ നിർണയ പരിപാടി ബാലമിത്രയുടെ സംസ്ഥാനതല ഉദ്ഘാടനവും ലോഗോ പ്രകാശനവും നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. ക്ഷയം, കുഷ്ഠം ഉൾപ്പടെയുള്ള പകർച്ച വ്യാധികളെ 2025 ഓടെ സംസ്ഥാനത്ത് നിന്ന് തുടച്ചു നീക്കും. ആരോഗ്യ, വിദ്യാഭ്യാസ കാര്യങ്ങളിൽ ഇന്ത്യയിൽ ഒന്നാം സ്ഥാനത്താണ് കേരളം. മാതൃമരണനിരക്കും, ശിശു മരണനിരക്കും ഏറ്റവും കുറവ് കേരളത്തിലാണ്. എന്നാൽ, ജീവിത ശൈലീ രോഗത്തിൽ കേരളം ഒന്നാമതാണ്. വിവിധ അനുബന്ധ രോഗങ്ങൾക്കു കാരണം ജീവിത ശൈലീ രോഗങ്ങളാണ്. രോഗ പ്രതിരോധശേഷി വർധിപ്പിക്കുകയാണ് അതിനായി ഓരോ വ്യക്തികളും ചെയ്യേണ്ടത്. ഇതിനായി ജനകീയ കാമ്പയിൻ സംഘടിപ്പിക്കും. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 15 ശതമാനം കുഷ്ഠരോഗികളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ട്. രോഗം തുടക്കത്തിൽ തന്നെ കണ്ടെത്തി ചികിത്സിച്ച് ഭേദമാക്കുകയാണ് ലക്ഷ്യം. മന്ത്രി പറഞ്ഞു.

കുഷ്ഠരോഗ നിർമാർജന രംഗത്ത് സുസ്ഥിര വികസന ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായാണ് ആരോഗ്യ വകുപ്പ് ബാലമിത്ര എന്ന പേരിൽ അങ്കണവാടി കുട്ടികൾക്കായുള്ള കുഷ്ഠരോഗ നിർണയ പരിപാടി ആരംഭിക്കുന്നത്. സുസ്ഥിര വികസന ലക്ഷ്യം കൈവരിക്കുന്നതിന് കുട്ടികളിലെ കുഷ്ഠരോഗ ബാധിതരുടെ എണ്ണം ദശലക്ഷത്തിന് 1.2ൽ നിന്ന് 0.6ന് താഴെയായി കുറച്ചുകൊണ്ടു വരേണ്ടതുണ്ട്. കൂടാതെ കുഷ്ഠരോഗം മൂലം കുട്ടികളിൽ അംഗവൈകല്യം ഉണ്ടാകുന്നവരുടെ എണ്ണം പൂജ്യം ആയി നിലനിർത്തേണ്ടതുമുണ്ട്. ഈയൊരു ലക്ഷ്യം കൈവരിക്കുന്നതിന് വേണ്ടിയാണ് ബാലമിത്ര ആവിഷ്കരിച്ചിരിക്കുന്നത്. കുട്ടികളിലെ കുഷ്ഠരോഗബാധ പ്രാരംഭത്തിലെ കണ്ടുപിടിച്ച് വിവിധ ഔഷധ ചികിൽസ ലഭ്യമാക്കുക, കുഷ്ഠരോഗം മൂലം കുട്ടികൾക്ക് വൈകല്യം സംഭവിക്കുന്നത് തടയുക എന്നിവയാണ് പ്രധാന ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു.

പത്തനംതിട്ട നാരങ്ങാനം 22-ാം നമ്പർ അങ്കണവാടിയിൽ നടന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സാറാ ടീച്ചർ അധ്യക്ഷയായി. ആന്റോ ആന്റണി എംപി മുഖ്യാതിഥിയായി. ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജെ. ഇന്ദിരാദേവി, നാരങ്ങാനം പഞ്ചായത്ത് പ്രസിഡന്റ് മിനി സോമരാജ്, ജില്ലാ പഞ്ചായത്ത് ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ആർ. അജയകുമാർ, ആരോഗ്യ വകുപ്പ് ഡയറക്ടർ ഇൻ ചാർജ് വി.ആർ. രാജു, ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ വി. മീനാക്ഷി, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ.എൽ അനിതാ കുമാരി, ആരോഗ്യ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ(പൊതുജനാരോഗ്യം) കെ.ആർ. വിദ്യ, വനിതാ ശിശു വികസന വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ സോഫി ജേക്കബ്, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ.എസ് ശ്രീകുമാർ, സ്റ്റേറ്റ് മാസ് എഡ്യൂക്കേഷൻ ആൻഡ് മീഡിയ ഓഫീസർ ഇൻ ചാർജ് കെ.എൻ. അജയ്, ഡെപ്യൂട്ടി ഡി എം ഒ ഡോ.രചന ചിദംബരം, ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ സാലി ലാലു, നാരങ്ങാനം ഗ്രാമ പഞ്ചായത്ത് ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അബിദാബായി, ബ്ലോക്ക് പഞ്ചായത്ത് അംഗം കെ.ആർ. അനീഷാ, ഗ്രാമ പഞ്ചായത്ത് അംഗം റെസിയാ സണ്ണി, വനിതാ ശിശു വികസന ഓഫീസർ പി.എസ്. തസ്നിം, ഐ സി ഡി എസ് ജില്ലാ പ്രോഗ്രാം ഓഫീസർ ആർ. നിഷ നായർ തുടങ്ങിയവർ പങ്കെടുത്തു.

# ആരോഗ്യകേരളം സ്റ്റേറ്റ് മിഷൻ ഓഫീസിന് പുതിയ മുഖം

### നവീകരിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനം ആരോഗ്യമന്ത്രി നിർവ്വഹിച്ചു



തിരുവനന്തപുരം: ആരോഗ്യകേരളം സ്റ്റേറ്റ് മിഷൻ ഓഫീസിന്റെ നവീകരിച്ച കെട്ടിടം ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി വീണാ ജോർജ്ജ് ഉദ്ഘാടനം ചെയ്തു. ആരോഗ്യ വകുപ്പിന്റെ നട്ടെല്ലായി പ്രവർത്തിക്കുന്ന ആരോഗ്യകേരളം പുതിയ മുഖം കൈവരിച്ചെന്ന് മന്ത്രി ഉദ്ഘാടനം പ്രസംഗത്തിൽ പറഞ്ഞു. ലിഫ്റ്റ്, എൽ എം എസ് (ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം), മിനി കോൺഫറൻസ് ഹാൾ, ട്രെയിനിംഗ് കൺസോൾ എന്നിവയുടെ ഉദ്ഘാടനവും ആരോഗ്യമന്ത്രി നിർവ്വഹിച്ചു.

മൂഡിൽ എന്ന സാങ്കേതിക വിദ്യയിലാണ് കേരള ഹെൽത്ത് ട്രെയിനിംഗ് എന്ന ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം തയ്യാറാക്കിയിരിക്കുന്നത്. മികച്ച പരിശീലനമാണ് ഇതിലൂടെ ആരോഗ്യപ്രവർത്തകർക്ക് നൽകാൻ സാധിക്കുക. ആരോഗ്യവകുപ്പിലെ ഏത് ജീവനക്കാർക്കും ഇതിലൂടെ സ്വയം എൻറോൾ ചെയ്ത് പ്രൊഫൈൽ നിർമ്മിച്ച് പരിശീലനങ്ങളിൽ പങ്കെടുക്കാവുന്നതാണ്. സ്വന്തം സമയത്തിനനുസരിച്ച് തീർക്കാവുന്ന കോഴ്സുകളും പൂർണ്ണമായും ഫാക്കൽറ്റി നിയന്ത്രിതമായ കോഴ്സുകളും ലൈവ് സെക്ഷനുകളും ലഭ്യമാവും. പരിശീലനം ആവശ്യമായ സർക്കാർ ആരോഗ്യ പ്രവർത്തകർക്ക് അവരുടെ പെൻ നമ്പർ ഉപയോഗിച്ച് https://keralahealtthraining.kerala.gov.in/ എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം.

ഒരേ സമയം 5000ലധികം പേർക്ക് പരിശീലനങ്ങളിൽ പങ്കെടുക്കാനുള്ള സൗകര്യമുണ്ട്. പരിശീലനാർത്ഥികൾക്കു ഓൺലൈനായി തന്നെ പരീക്ഷകൾ എഴുതുവാനും ഓൺലൈനായി തന്നെ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാനുമുള്ള സംവിധാനമുണ്ട്. പരിശീലനങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കും. മെഡിക്കൽ കൗൺസിൽ, നഴ്സിംഗ് കൗൺസിൽ, ഫാർമസി കൗൺസിൽ, പാരാമെഡിക്കൽ കൗൺസിൽ എന്നിവരുമായി സഹകരിച്ചുകൊണ്ടുള്ള പരിശീലനങ്ങളും ലക്ഷ്യമിടുന്നു.

വിവിധ കേഡറുകളിൽ ഉൾപ്പെടുന്ന ഡോക്ടർമാർക്ക് അവരുടെ മേഖലയിൽ അവർ കൈകാര്യം ചെയ്യുന്ന വിവിധങ്ങളായ വിഷയങ്ങൾ സംബന്ധിച്ചുള്ള പരിശീലനം, ആരോഗ്യ വകുപ്പിലെ ഡോക്ടർമാർക്കും മറ്റ് വിഭാഗം ജീവനക്കാർക്കും ആരോഗ്യ വകുപ്പിന്റ വിവിധ പ്രോഗ്രാമുകളെ സംബന്ധിച്ചുള്ള വിശദാംശങ്ങളും ഈ പ്ലാറ്റ്ഫോം വഴി ലഭ്യമാക്കുന്നതാണ്. എസ്റ്റാബ്ലിഷ്മെന്റ്, സർവീസ് സംബന്ധമായ വിവിധ പരിശീലന പരിപാടികളും ഇതുവഴി നൽകുന്നതാണ്.

ട്രെയിനിംഗ് വിഭാഗം തയ്യാറാക്കിയ കൊവിഡ് കാലത്തെ പരിശീനവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ പുസ്തകത്തിന്റെ പ്രകാശനം മന്ത്രി നിർവ്വഹിച്ചു.

സ്റ്റേറ്റ് മിഷൻ ഓഫീസിൽ നടന്ന ചടങ്ങിൽ സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. രത്തൻ ഖേൽക്കർ, ഡയറക്ടർ ഹെൽത്ത് സർവീസസ് ഡോ. വി ആർ രാജു, ഡയറക്ടർ ഫിനാൻസ് ഗീതാമണി അമ്മ, ചീഫ് എഞ്ചിനീയർ സി ജെ അനില, ട്രെയിനിംഗ് നോഡൽ ഓഫീസർ ഡോ. വി എസ് ദിവ്യ, എന്നിവർ പങ്കെടുത്തു.




### ജീവിതശൈലി രോഗനിയന്ത്രണത്തിന്

# 'നല്ല നടപ്പ്' ഒരുക്കി രാമങ്കരി പഞ്ചായത്ത്

ആലപ്പുഴ: ജീവിത ശൈലിരോഗ നിയന്ത്രണത്തിനായുള്ള വ്യായാമം കൃത്യമായി തുടരുന്നതിന് ജനങ്ങൾക്ക് സഹായഹസ്തവുമായി രാമങ്കരി പഞ്ചായത്ത്. ദിവസവും അരമണിക്കൂർ വ്യായാമം ശീലമാക്കുന്നതിനായി പഞ്ചായത്തിന്റെ നേതൃത്വത്തിൽ 'നടത്തകൂട്ടം' രൂപീകരിച്ചു.

ഓരോ വാർഡിൽ നിന്നും മെഡിക്കൽ ഓഫീസർ തെരഞ്ഞെടുത്തവരെ ഏകോപിപ്പിച്ച് എല്ലാദിവസവും രാവിലെ പ്രഭാത സവാരി നടത്തുകയാണ് ഉദ്ദേശം. ജീവിത ശൈലി രോഗമുള്ളവരും പ്രഭാത സവാരിയിൽ താത്പര്യമുള്ളവരുമായ 15 മുതൽ 20 പേർ വരെ ഉൾപ്പെടുന്ന സംഘത്തെയാണ് ഓരോ വാർഡിൽ നിന്നും തെരഞ്ഞെടുത്തത്. പഞ്ചായത്ത് ഇവർക്ക് പ്രത്യേകം ജേഴ്സിയും നൽകും. മാസത്തിൽ ഒരിക്കൽ യോഗ പരിശീലനവും ബോധവത്ക്കരണ ക്ലാസ്സും സംഘടിപ്പിക്കാനാണ് പഞ്ചായത്തിന്റെ തീരുമാനം.

സംസ്ഥാനത്ത് ആദ്യമായാണ് ജീവിതശൈലി രോഗനിയന്ത്രണത്തിനായി പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഇത്തരമൊരു പദ്ധതി നടപ്പാക്കുന്നതെന്നും പദ്ധതിയുടെ ഉദ്ഘാടനം അടുത്ത മാസം നടത്തുമെന്നും ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ആർ. രാജേന്ദ്രകുമാർ അറിയിച്ചു.



# അതിഥി തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കാൻ അതിഥിദേവോ ഭവ

**അതിഥി തൊഴിലാളികൾക്കായി ഏകജാലകസംവിധാനം ആരംഭിക്കുന്നത് രാജ്യത്ത് ആദ്യം**



അതിഥി ദേവോ ഭവ ഓഫീസിന്റെ ഉദ്ഘാടനം റവന്യു വകുപ്പ് മന്ത്രി കെ രാജൻ നിർവ്വഹിക്കുന്നു

എറണാകുളം: അതിഥി തൊഴിലാളികളുടെ ക്ഷേമത്തിനായി ജില്ലയിൽ ക്ഷേമകാര്യ ഓഫീസ് 'അതിഥിദേവോ ഭവ' പ്രവർത്തനം ആരംഭിച്ചു. കാക്കനാട് ആരംഭിച്ച ഓഫീസിന്റെ ഉദ്ഘാടനം റവന്യൂ വകുപ്പ് മന്ത്രി കെ രാജൻ നിർവഹിച്ചു. കേരളത്തെ പുതുക്കി പണിയാൻ സഹായിക്കുന്ന അതിഥി തൊഴിലാളികളുടെ ക്ഷേമം സർക്കാരിന്റെ ഉത്തരവാദിത്തമാണെന്ന് മന്ത്രി പറഞ്ഞു. ഓഫീസിന് വേണ്ട എല്ലാ സഹായങ്ങളും ഒരുക്കാൻ സർക്കാർ ഒപ്പമുണ്ടാകുമെന്നും മന്ത്രി അറിയിച്ചു. രാജ്യത്ത് ആദ്യമായാണ് ഇത്തരത്തിൽ അതിഥി തൊഴിലാളികളുടെക്ഷേമംഉറപ്പാക്കുന്നതിനായി ഏകജാലക സംവിധാനം ആരംഭിക്കുന്നത്.

അന്തർ സംസ്ഥാന അസംഘടിത തൊഴിലാളികളുടെ ക്ഷേമവും സുരക്ഷയും ഉറപ്പുവരുത്തുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതിയുടെ ഭാഗമായാണ് എറണാകുളം ജില്ലാ ഭരണകൂടം, ദേശീയ ആരോഗ്യദൗത്യം എറണാകുളം, ജില്ലാ ലീഗൽ സർവീസ് അതോറിറ്റി (ഡെൽസ) എന്നിവരുടെ സഹകരണത്തോടെ ഏകജാലകസംവിധാനം നടപ്പാക്കുന്നത്. തദ്ദേശ സ്വയംഭരണവകുപ്പിന്റെയും തൊഴിൽ വകുപ്പിന്റെയും നേതൃത്വത്തിൽ തൊഴിലാളികൾക്കിടയിലും തൊഴിൽ ദാതാക്കൾക്കിടയിലും പ്രത്യേക ബോധവൽക്കരണ പരിപാടികൾ ഇതിന്റെ ഭാഗമായി നടത്തും.

ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ക്യാമ്പുകൾ സംഘടിപ്പിച്ചും ആശുപത്രികളുടെ നേരിട്ടുള്ള

> **തൊഴിലാളികൾ നേരിടുന്ന എല്ലാ പ്രശ്നങ്ങൾക്കും ഓഫീസിൽ നിന്നും പരിഹാരം ലഭിക്കും**

ഇടപെടലിലൂടെയും അതിഥി തൊഴിലാളികൾക്കിടയിൽ ആരോഗ്യസേവനങ്ങൾ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാനും രോഗപ്രതിരോധപ്രവർത്തനങ്ങളിൽ കൃത്യമായ ഇടപെടൽ നടത്തുന്നതിനുമാണ് പുതിയ ഓഫീസ് ആരംഭിച്ചിട്ടുള്ളത്. തൊഴിലാളികൾ നേരിടുന്ന എല്ലാ പ്രശ്നങ്ങൾക്കും ഓഫീസിൽ നിന്നും പരിഹാരം ലഭിക്കും. ജോലിക്കായി ജില്ലയിലെത്തുന്ന തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങളുടെ ഏകോപനം നടപ്പാക്കുകയാണ് ഓഫീസിന്റെ ലക്ഷ്യം.

പോലീസ്, എക്സൈസ്, തൊഴിൽവകുപ്പുകളുടെ നേതൃത്വത്തിൽ പ്രത്യേക പരിശീലനം ലഭിച്ച, മലയാളം സംസാരിക്കുന്ന അതിഥിതൊഴിലാളികളാണ് മൈഗ്രന്റ് ലിങ്ക്‌വർക്കർ ഫോഴ്സിന്റെ ഭാഗമാകുന്നത്. തൊഴിലാളികൾക്ക് ആവശ്യമായ സഹായം ഒരുക്കുന്നത് ഇവർ മുഖേന ആയിരിക്കും. നിലവിൽ ഒമ്പത് പേരാണ് മൈഗ്രന്റ് ലിങ്ക്‌വർക്കർഫോഴ്സിന്റെ ഭാഗമായിട്ടുള്ളത്.

എൽ.എൻ.ജി പെട്രോനെറ്റ് അനുവദിച്ച സി എസ് ആർ ഫണ്ട് ഉപയോഗിച്ചാണ് ഓഫീസ് സമുച്ചയം ഒരുക്കിയത്.




ചീഫ് എഡിറ്റർ
**ഡോ. രത്തൻ ഖേൽക്കർ ഐ എ എസ്**
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ എച്ച് എം

എഡിറ്റർ
**കെ പി ശിനോഷ്**
സീനിയർ കൺസൾട്ടന്റ്, ബി സി സി

അസി. എഡിറ്റേഴ്സ്
**ടി സ്മൃതി ലക്ഷ്മി**
ജെസി(ഡിഃസി), സ്റ്റേറ്റ് മിഷൻ ഓഫീസ്
**കെ കെ ഷൈജിൽ**
ജെസി(ഡിഃസി), സ്റ്റേറ്റ് മിഷൻ ഓഫീസ്
**വി കെ വർഷ**
ജെസി(ഡിഃസി), സ്റ്റേറ്റ് മിഷൻ ഓഫീസ്

**പത്രാധിപ സമിതി**

അംഗങ്ങൾ
**വർഷ ജയപ്രകാശ്**
ജൂനിയർ കൺസൾട്ടന്റ്, തിരുവനന്തപുരം
**ഡാനി പ്രിയൻ**
കൺസൾട്ടന്റ്(ഡിഃസി), തൃശൂർ
**ആഗ്നൽ ജോസഫ്**
ജൂനിയർ കൺസൾട്ടന്റ്, ആലപ്പുഴ
**വിനു എ**
കൺസൾട്ടന്റ്, എറണാകുളം
**വിനീഷ് സി ആർ**
കൺസൾട്ടന്റ്, കോട്ടയം
**ദിവ്യ ഇ ആർ**
ജൂനിയർ കൺസൾട്ടന്റ്, മലപ്പുറം
**ദിവ്യ**
കൺസൾട്ടന്റ്, കോഴിക്കോട്
**നിജിൽ**
ജൂനിയർ കൺസൾട്ടന്റ്, വയനാട്
**ബിൻസി രവീന്ദ്രൻ**
ജൂനിയർ കൺസൾട്ടന്റ്, കണ്ണൂർ
**കമൽ കെ ജോസ്**
ജൂനിയർ കൺസൾട്ടന്റ്, കാസർഗോഡ്
**ഷീബ ആർ ദാസ്**
ക്ലർക്ക്, ഡി ഇ ഒ
സ്റ്റേറ്റ് മിഷൻഓഫീസ്

ലോക ഓട്ടിസം ദിനാചരണം;

# കുട്ടികളിലെ വളർച്ച/പഠന വൈകല്യ നിർണ്ണയ പരിശീലനം സംഘടിപ്പിച്ചു



പരിശീലന പരിപാടിയുടെ ഉദ്ഘാടനം സേവ്യർ ചിറ്റിലപ്പിള്ളി എം.എൽ.എ നിർവഹിക്കുന്നു

തൃശ്ശൂർ: ഏപ്രിൽ 2 ലോക ഓട്ടിസം ദിനാചരണത്തോടനുബന്ധിച്ച് ജില്ലയിൽ ബോധവൽക്കരണ- പരിശീലന പരിപാടികൾ ജില്ലയിൽ സംഘടിപ്പിച്ചു. കുഞ്ഞുങ്ങളിലെ വളർച്ച/പഠനവൈകല്യങ്ങൾ പ്രാരംഭഘട്ടത്തിൽ തന്നെ തിരിച്ചറിഞ്ഞ് വിദഗ്ധ ചികിത്സ നൽകി അവരെ സാധാരണ ജീവിതം നയിക്കാൻ പ്രാപ്തരാക്കുന്നതിനാണ് പരിപാടികൾ സംഘടിപ്പിച്ചത്. ജില്ലയിലെ പ്രാരംഭ ഇടപെടൽ കേന്ദ്രം (ഡി.ഇ.ഐ.സി), ഗവ.മെഡിക്കൽ കോളേജ് (ആർ.ഇ.ഐ.സി.) എന്നിവ കേന്ദ്രീകരിച്ചാണ് പരിപാടികൾ നടത്തിയത്.

കുട്ടികൾക്കുണ്ടാകാവുന്ന പഠനവൈകല്യങ്ങൾ തിരിച്ചറിയപ്പെടാതെ പോകുന്നതിന്റെ വ്യാപ്തി ജില്ലാതലത്തിൽ ചർച്ച ചെയതു, ഇതിനു പരിഹാരം കാണുന്നതിനായി വിവിധ പരിപാടികൾ ആസൂത്രണം ചെയ്തു. ജില്ലയിലെ സ്കൂൾ അധ്യാപകർ, അംഗൻവാടി വർക്കർമാർ, ആശ വർക്കർമാർ എന്നിവർക്ക് വളർച്ച/ പഠന വൈകല്യങ്ങൾ/ കൊവിഡാനന്തരം കുട്ടികൾക്കുണ്ടാകാവുന്ന പഠനവൈകല്യങ്ങൾ എന്നിവ പ്രാരംഭഘട്ടത്തിൽ തന്നെ തിരിച്ചറിയുന്നതിന് സഹായകമാകുന്ന പരിശീലനം ജില്ലയിൽ ആരംഭിച്ചു. വരുന്ന അധ്യയനവർഷം ആരംഭിക്കുതിനു മുമ്പായി പരിശീലന പരിപാടികൾ പൂർത്തീകരിക്കുകയും ആവശ്യമായവർക്ക് ചികിൽസ ലഭ്യമാക്കുകയുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

പരിശീലന പരിപാടി സേവ്യർ ചിറ്റിലപ്പിള്ളി എം എൽ എ ഉദ്ഘാടനം നിർവഹിച്ചു. വടക്കാഞ്ചേരി നഗരസഭാ ചെയർമാൻ പി.എൻ. സുരേന്ദ്രൻ അദ്ധ്യക്ഷനായി. ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ.യു ആർ രാഹുൽ, ജില്ലാ ആശുപത്രി സൂപ്രണ്ട് ഡോ.ബിന്ദു തോമസ് എന്നിവർ പങ്കെടുത്തു.


# എ.ഐ.ഐ.എസ്.എച്ചിന്റെ കേന്ദ്രം ചുങ്കത്തറ സിഎച്ച്സിയിൽ ആരംഭിച്ചു

മലപ്പുറം: മൈസൂർ ആസ്ഥാനമായ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിങ്ങിന്റെ (എ.ഐ.ഐ.എസ്.എച്ച്) സംസ്ഥാനത്തെ ആദ്യത്തെ കേന്ദ്രം ചുങ്കത്തറ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പ്രവർത്തനം ആരംഭിച്ചു. നവജാത ശിശുക്കൾ മുതൽ മുതിർന്നവർക്കുവരെയുള്ള കേൾവി പരിശോധനയും തുടർന്നുള്ള ചികിത്സ സൗകര്യങ്ങളുമാണ് കേന്ദ്രത്തിൽ നിന്നും ലഭ്യമാവുക.

ഒ.എ.ഇ പരിശോധനയിലൂടെ നവജാതശിശുക്കളിലെ കേൾവി തകരാറുകളും തുടർന്ന് വേണ്ടി വരുന്ന വിദഗ്ധ പരിശോധനകളും ഇവിടെ നിന്നും നിർണയിക്കാൻ സാധിക്കും. ഓഡിറ്ററി ബ്രെയിൻസ്റ്റം ഇവോക്ഡ് റെസ്പോൺസ് (എ.ബി.ആർ) പരിശോധനയിലൂടെ ജന്മനാലുള്ള കേൾവിക്കുറവുകൾ കണ്ടെത്താനും ശ്രവണസഹായികളോ കോക്ലിയാർ ഇംപ്ലാന്റ് പോലുള്ളവ ഉപയോഗിച്ച് തെറാപ്പി ചെയ്യാനും അതിലൂടെ കുട്ടികളുടെ സംസാരം മെച്ചപ്പെടുത്താനുമുള്ള സൗകര്യവും ഇവിടെ ലഭ്യമാണ്. പ്രായത്തിന്റെ ഭാഗമായി വരുന്ന കേൾവിക്കുറവുകൾ കണ്ടെത്താനും അതിനു പരിഹാരമായി ശ്രവണ സഹായികളും പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്നും നൽകും.

സംസാര വൈകല്യങ്ങൾ, വയസിനൊത്ത സംസാരമില്ലായ്മ, വിക്ക്, സംസാരത്തിൽ വരുന്ന വ്യതിയാനങ്ങൾ, ഉച്ചാരണപിഴവുകൾ, ജനിതകപരമായ തകരാറുകൾ മൂലം ഉണ്ടാകുന്ന സംസാരവൈകല്യങ്ങൾ, ഓട്ടിസം, അറ്റൻഷൻ ഡെഫിഷ്യൻസി ഹൈപ്പർ ആക്ടിവിറ്റി സിൻഡ്രോം, മുറിച്ചുണ്ട്, മുറിയാണ്ണാക്ക് മുതലായവക്കുള്ള സ്പീച്ച് തെറാപ്പിയും ഇവിടെ നിന്നും ലഭിക്കും. അതിനോടൊപ്പം ശ്രവണ സഹായി വെച്ചവർക്കും കോക്ലിയാർ ഇംപ്ലാന്റ് ചെയ്തവർക്കുമുളള ഓഡിറ്ററി വെർബൽ തെറാപ്പി സൗകര്യങ്ങളുമുണ്ട്. ന്യൂറോളജിക്കൽ പ്രശ്നങ്ങൾ കാരണം ഉണ്ടാകുന്ന സംസാര ഭാഷാവൈകല്യങ്ങൾ (ഉദാ: അഫേസിയ, ഡിസാർത്രിയ, ട്രോമാറ്റിക് ബ്രെയിൻ ഇഞ്ചുറി) എന്നിവക്കുള്ള തെറാപ്പി സൗകര്യങ്ങളും ഇവിടെ ലഭ്യമാണ്.

ആദ്യഘട്ടമായി ഒരു കോടി രൂപയുടെ മെഡിക്കൽ ഉപകരണങ്ങളും ഒരു സ്പീച്ച് തെറാപ്പിസ്റ്റിനെയും ഒരു ഓഡിയോജിസ്റ്റിനെയുമാണ് എ.ഐ.ഐ.സ്.എച്ചിൽ നിന്നും കേന്ദ്രത്തിലേക്ക് നൽകുന്നത്. കൂടാതെ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് സ്പീച്ച് തെറാപ്പിക്കും ഓഡിയോളജിക്കുമായി വിപുലീകരിച്ച നൂതന സൗകര്യങ്ങളോടുകൂടിയുള്ള തെറാപ്പി റൂമുകളും സജ്ജമാക്കിട്ടുണ്ട്.



# ക്ലാവും പൂപ്പലുമെല്ലാം പഴങ്കഥ

**ആരോഗ്യക്ഷേമ കേന്ദ്രങ്ങളാവാൻ വയനാട്ടിൽ 204 സബ് സെന്ററുകൾ**



വയനാട്ടിലെ കാലിക്കുനി സബ് സെന്റർ നവീകരണത്തിനു മുൻപും ശേഷവും

കൽപ്പറ്റ: മഞ്ഞ പെയിന്റിൽ ക്ലാവും പൂപ്പലും പിടിച്ച് മേൽക്കൂരയിൽ കാടുപടലവുമായി നിൽക്കുന്ന സബ്സെന്ററുകൾ ഇനി പഴങ്കഥ. മികച്ച രീതിയിൽ ആരോഗ്യസേവനങ്ങൾ നൽകി ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകളാകാനൊരുങ്ങുകയാണ് ജില്ലയിലെ 204 സബ് സെന്ററുകൾ. സബ് സെന്ററുകൾ നവീകരിച്ച് ആധുനിക ചികിത്സാ സംവിധാനങ്ങൾ ഒരുക്കാനുള്ള പ്രവർത്തനങ്ങൾ തുടങ്ങി. ഏഴ് ലക്ഷം വരെ ചെലവാക്കിയാണ് നവീകരണം. ഭരണാനുമതി ലഭിച്ച 30 സബ് സെന്ററുകളിൽ 15 എണ്ണത്തിന്റെ നവീകരണ പ്രവൃത്തികൾ പൂർത്തിയായിക്കഴിഞ്ഞു. മൂന്നു ഘട്ടങ്ങളിലായി മുഴുവൻ സബ് സെന്ററുകളെയും മികവിന്റെ കേന്ദ്രങ്ങളാക്കാനാണ് ലക്ഷ്യമിടുന്നത്. ആദ്യഘട്ടത്തിൽ 60 ഉം രണ്ടാം ഘട്ടത്തിൽ 61 ഉം സബ് സെന്ററുകൾ ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളാകും. ശേഷിക്കുന്ന സബ് സെന്ററുകൾ മൂന്നാം ഘട്ടത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഞായർ ഒഴികെയുള്ള ദിവസങ്ങളിൽ ഉച്ച രണ്ട് മണി മുതൽ വൈകീട്ട് നാലുവരെ വിവിധ ക്ലിനിക്കുകളുടെ സേവനം സബ് സെന്ററുകളിൽ ലഭ്യമാവും. തിങ്കൾ- പോഷണ ക്ലിനിക്ക്, ചൊവ്വ- വയോജന ക്ലിനിക്ക്, ബുധൻ- കുട്ടികൾക്കുള്ള ക്ലിനിക്ക്, വ്യാഴം- ജീവിതശൈലീ രോഗ ക്ലിനിക്ക്, വെള്ളി- ഗർഭിണികൾക്കുള്ള ക്ലിനിക്ക്, വെള്ളി- കൗമാര ആരോഗ്യ (ആർ.സി.എച്ച്) ക്ലിനിക്ക് എന്നിങ്ങനെയുള്ള സേവനങ്ങളാണ് ലഭ്യമാവുക. ഒരുവർഷത്തിനകം ജില്ലയിലെ സബ് സെന്ററുകൾക്ക് ദേശീയ ഗുണനിലവാര പരിശോധനാ അംഗീകാരം (എൻ.ക്യു.എ.എസ്) നേടിയെടുക്കാനുതകുന്ന വിധത്തിലാണ് പ്രവർത്തനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. ഇതിലൂടെ ലഭിക്കുന്ന തുക ഉപയോഗിച്ച് സബ് സെന്ററുകളുടെ ഭൗതിക സാഹചര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തി മികച്ച സേവനം ജനങ്ങളിലേക്ക് എത്തിക്കാനാണ് ലക്ഷ്യമിടുന്നത്.

> സബ് സെന്ററുകൾ നവീകരിച്ച് ആധുനിക ചികിത്സാ സംവിധാനങ്ങൾ ഒരുക്കാനുള്ള പ്രവർത്തനങ്ങൾ തുടങ്ങി

**(നവീകരണം പൂർത്തിയായ സബ് സെന്റർ, ആരോഗ്യകേന്ദ്രം, തദ്ദേശസ്വയംഭരണ സ്ഥാപനം, എസ്റ്റിമേറ്റ് തുക എന്നീ ക്രമത്തിൽ)**:
ചീക്കല്ലൂർ- പി.എച്ച്.സി വരദൂർ- കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത്- 7.39 ലക്ഷം രൂപ, പനങ്കണ്ടി- പി.എച്ച്.സി വാഴവറ്റ, മുട്ടിൽ- 7.06 ലക്ഷം രൂപ, ഏച്ചോം- സി.എച്ച്.സി പനമരം- പനമരം- 4.64 ലക്ഷം രൂപ, കുന്നമ്പറ്റ, എഫ്.എച്ച്.സി മേപ്പാടി- മേപ്പാടി- 10.84 ലക്ഷം രൂപ, തൃക്കൈപ്പറ്റ- എഫ്.എച്ച്.സി മേപ്പാടി- മേപ്പാടി- 7.18 ലക്ഷം രൂപ, മെച്ചന- എഫ്.എച്ച്.സി കോട്ടത്തറ- കോട്ടത്തറ- 11.87 ലക്ഷം രൂപ, കൽപ്പറ്റ സൗത്ത്- കൽപ്പറ്റ ജനറൽ ആശുപത്രി- കൽപ്പറ്റ നഗരസഭ- 4.79 ലക്ഷം രൂപ, കൈനാട്ടി- ജി.എച്ച്. കൽപ്പറ്റ- കൽപ്പറ്റ നഗരസഭ- 9.11 ലക്ഷം രൂപ പേരാൽ- പി.എച്ച്.സി കാപ്പുകുന്ന്- പടിഞ്ഞാറത്തറ- 10.26 ലക്ഷം രൂപ, എടപ്പെട്ടി- പി.എച്ച്.സി വാഴവറ്റ- മുട്ടിൽ- 4.13 ലക്ഷം രൂപ, കുറുമ്പാല- എഫ്.എച്ച്.സി പടിഞ്ഞാറത്തറ- പടിഞ്ഞാറത്തറ- 5.68 ലക്ഷം രൂപ, കാലിക്കുനി- സി.എച്ച്.സി തരിയോട്- തരിയോട്- 8.43 ലക്ഷം രൂപ, അത്തിമൂല- എഫ്.എച്ച്.സി പൊഴുതന- പൊഴുതന- 5.93 ലക്ഷം രൂപ, വാരാമ്പറ്റ- പി.എച്ച്.സി കാപ്പുകുന്ന്- പടിഞ്ഞാറത്തറ, 2.99 ലക്ഷം രൂപ, ചുണ്ടേൽ- പി.എച്ച്.സി സുഗന്ധഗിരി- വൈത്തിരി ഗ്രാമപഞ്ചായത്ത്- 4.65 ലക്ഷം രൂപ.

**(ഭരണാനുമതി ലഭിച്ച സബ് സെന്റർ, ആരോഗ്യകേന്ദ്രം, തദ്ദേശസ്വയംഭരണ സ്ഥാപനം, എസ്റ്റിമേറ്റ് തുക എന്നീ ക്രമത്തിൽ)**:
തിരുനെല്ലി- എഫ്.എച്ച്.സി ചെതലയം- സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റി- 10.43 ലക്ഷം രൂപ, കുപ്പാടി- എഫ്.എച്ച്.സി ചെതലയം- സുൽത്താൻ ബത്തേരി- 4.03 ലക്ഷം രൂപ, അമരക്കുനി- സി.എച്ച്.സി പുൽപ്പള്ളി- പുൽപ്പള്ളി- 4.35 ലക്ഷം രൂപ, ആടിക്കൊല്ലി- സി.എച്ച്.സി പുൽപ്പള്ളി- പുൽപ്പള്ളി- 6.84 ലക്ഷം രൂപ, ചാമപ്പാറ- പി.എച്ച്.സി മുള്ളൻകൊല്ലി- മുള്ളൻകൊല്ലി- 7.52 ലക്ഷം രൂപ, പട്ടാണിക്കൂപ്പ്- പി.എച്ച്.സി മുള്ളൻകൊല്ലി- മുള്ളൻകൊല്ലി- 3.64 ലക്ഷം രൂപ, പനവല്ലി- പി.എച്ച്.സി ബേഗൂർ- തിരുനെല്ലി- 7.17 ലക്ഷം രൂപ, കൂമ്പാരക്കുനി- എഫ്.എച്ച്.സി അപ്പപ്പാറ- തിരുനെല്ലി- 7.90 ലക്ഷം രൂപ, അരണപ്പാറ- എഫ്.എച്ച്.സി അപ്പപ്പാറ- തിരുനെല്ലി- 9.21 ലക്ഷം രൂപ, ചെക്കിയോട്ടുകോളനി- പി.എച്ച്.സി ബേഗൂർ- തിരുനെല്ലി- 3.86 ലക്ഷം രൂപ, പുതുശ്ശേരിക്കടവ്- എഫ്.എച്ച്.സി പടിഞ്ഞാറത്തറ- പടിഞ്ഞാറത്തറ- 8.41 ലക്ഷം രൂപ, എള്ളുമന്ദം- എഫ്.എച്ച്.സി എടവക- എടവക- 3.44 ലക്ഷം രൂപ, കല്ലോടി- എഫ്.എച്ച്.സി എടവക- എടവക- 4.37 ലക്ഷം രൂപ, കുഴിനിലം- പി.എച്ച്.സി കുറുക്കന്മൂല- മാനന്തവാടി മുനിസിപ്പാലിറ്റി- 3.20 ലക്ഷം രൂപ, കുന്ദമംഗലം- സി.എച്ച്.സി നല്ലൂർനാട്- എടവക ഗ്രാമപഞ്ചായത്ത്- 2.87 ലക്ഷം രൂപ. ഭരണാനുമതി ലഭിച്ച സബ് സെന്ററുകളുടെ നവീകരണ പ്രവൃത്തികൾ ആരംഭിച്ചുകഴിഞ്ഞു.

# പോയകാലത്തിന്റെ ഓർമ്മപ്പെടുത്തൽ

## ശ്രദ്ധ നേടി ആരോഗ്യ വകുപ്പിന്റെ സ്റ്റാൾ



ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് ആരോഗ്യവകുപ്പിന്റെ സ്റ്റാൾ നോക്കിക്കാണുന്നു.

കണ്ണൂർ: സർക്കാരിന്റെ ഒന്നാം വാർഷികാഘോഷങ്ങളുടെ ഭാഗമായുള്ള 'എന്റെ കേരളം' പ്രദർശന നഗരിയിൽ ആരോഗ്യവകുപ്പിന്റെ സ്റ്റാളിന് മികച്ച പ്രതികരണം. കേരളത്തിലെ ആരോഗ്യ ചരിത്രത്തിന്റെ നാൾ വഴികൾ, കേരളത്തെ പിടിച്ചുകുലുക്കിയ പകർച്ചവ്യാധികൾ, കൊവിഡ് കാലത്തെ അതിജീവനം എന്നിവയുടെ ഫോട്ടോ പ്രദർശനം കഴിഞ്ഞ കാലത്തിന്റെ ഓർമ്മപ്പെടുത്തലായി മാറി. ആർദ്രം മിഷനിലൂടെ കൈവരിച്ച നേട്ടങ്ങൾ, ആരോഗ്യരംഗത്തെ ക്ഷേമപദ്ധതികൾ, സേവനങ്ങൾ, വാക്സിനേഷൻ, ആരോഗ്യ ബോധവൽക്കരണം, ആരോഗ്യ ഇൻഷുറൻസ് എന്നിവയെക്കുറിച്ചുള്ള സചിത്ര വിവരണങ്ങളും സ്റ്റാളിലൊരുക്കിയിരുന്നു.

ഫോട്ടോ പ്രദർശനത്തിന് പുറമേ ആരോഗ്യവകുപ്പിന്റെ സൗജന്യ ജീവിതശൈലീ രോഗപരിശോധന സ്റ്റാൾ പ്രദർശന നഗരിയിലെത്തിയ പൊതുജനങ്ങൾക്ക് ഏറെ പ്രയോജകരമായി. ബോഡി മാസ് ഇൻഡക്സ്, രക്തസമ്മർദ്ദം, റാൻഡം ബ്ലഡ് ഷുഗർ എന്നീ പരിശോധനകൾ സൗജന്യമായി ലഭ്യമാക്കി. പരിശോധനയ്ക്ക് ശേഷം നിർദേശങ്ങളും ഭക്ഷണക്രമീകരണ ബോധവൽക്കരണവും ജീവിതശൈലീ നിർണയ സ്ക്രീനിങ് കാർഡും നൽകുന്നുണ്ട്. നാല് ടീമായി 12 പേരടങ്ങുന്ന മെഡിക്കൽ സംഘമാണ് ഇതിനായുള്ളത്. ഏപ്രിൽ മൂന്നിന് ആരംഭിച്ച് പതിനാല് വരെ നീണ്ട പ്രദർശനത്തിൽ 21269 പേരാണ് പരിശോധന നടത്തിയത്.

ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രി വീണാ ജോർജ് പ്രദർശന നഗരി സന്ദർശിച്ചു. ലോകാരോഗ്യ ദിനത്തോടനുബന്ധിച്ച് 'നമ്മുടെ ഭൂമി നമ്മുടെ ആരോഗ്യം' എന്ന വിഷയത്തിൽ പരിസ്ഥിതി നിരീക്ഷകനും ശാസ്ത്ര എഴുത്തുകാരനുമായ വിജയകുമാർ ബ്ലാത്തൂർ നയിച്ച തത്സമയ പ്രശ്നോത്തരി മത്സരവും അഞ്ചരക്കണ്ടി കുടുംബാരോഗ്യ കേന്ദ്രത്തിലെ ജീവനക്കാരുടെ ജീവിതശൈലി ബോധവൽക്കരണ സൂമ്പ ഡാൻസും അരങ്ങേറി. ഒരു ഡോക്ടർ, സ്റ്റാഫ് നഴ്സ്, നഴ്സിങ് അസിസ്റ്റന്റ്, ആംബുലൻസ് എിങ്ങനെ മുഴുവൻ സമയ എമർജൻസി മെഡിക്കൽ ടീം സൗകര്യവും ഏർപ്പെടുത്തിയിരുന്നു.



# നടന്നു നടന്നു നേടാം ആരോഗ്യം


അംഗങ്ങളെ വ്യായാമമുറകൾ പരിശീലിപ്പിക്കുന്നു.

കാസർഗോഡ്: നടന്നു നടന്നു ആരോഗ്യം കൈപ്പിടിയിലൊതുക്കാൻ പുതിയ പദ്ധതിയുമായി കയ്യൂർ-ചീമേനി ഗ്രാമ പഞ്ചായത്തും കയ്യൂർ കുടുംബാരോഗ്യ കേന്ദ്രവും. 'മിടിപ്പ്' എന്ന ജീവിത ശൈലീരോഗ നിയന്ത്രണ പരിപാടിയിലൂടെ 16 വാർഡുകളിലും വ്യായാമ ക്ലബ് രൂപീകരിച്ച് നല്ല ആരോഗ്യശീലങ്ങൾ വളർത്തിയെടുക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

'നടത്തമാണ് മനുഷ്യന് ലഭിച്ചിരിക്കുന്ന ദിവ്യമായ ഔഷധം' എന്ന ആധുനിക വൈദ്യശാസ്ത്രത്തിന്റെ പിതാവായ ഹിപ്പോക്രാറ്റസിന്റെ വാക്കുകൾ പ്രാവർത്തികമാക്കുകയാണ് ഇവിടെ. 35 വയസ്സിനും 55 വയസ്സിനും ഇടയിലുള്ള സ്ത്രീകളെ ഉൾപ്പെടുത്തിയാണ് പ്രധാനമായും വ്യായാമ ക്ലബ് രൂപീകരിച്ചത്. ചില വാർഡുകളിൽ പുരുഷന്മാരും ക്ലബ്ബിന്റെ ഭാഗമായിട്ടുണ്ട്. വർദ്ധിച്ചു വരുന്ന ജീവിത ശൈലീരോഗങ്ങളുടെ നിയന്ത്രണത്തിനും ശാരീരികവും മാനസികവുമായ ആരോഗ്യം വർദ്ധിപ്പിക്കുന്നതിനും വ്യായാമത്തിന്റെ പ്രാധാന്യം പ്രചരിപ്പിക്കുന്നതിനുമാണ് മുഴുവൻ വാർഡുകളിലും ക്ലബ് രൂപീകരിച്ചത്.

ആദ്യ ഘട്ടത്തിൽ 16 വ്യായാമ ക്ലബ്ബിന്റെ കീഴിൽ 25 പേർ അടങ്ങുന്ന നടത്തകൂട്ടങ്ങൾ ഉണ്ടാക്കി. ഇതിന്റെ ഭാഗമായി പഞ്ചായത്തിൽ 400 പേർക്ക് ചെറുവത്തൂർ ബി ആർ സി കായിക അദ്ധ്യാപകൻ പ്രഭാകരൻ വലിയപറമ്പയുടെ നേതൃത്വത്തിൽ ശാസ്ത്രീയമായ വ്യായാമ പരിശീലനം നൽകി. പരിശീലനത്തിന് മുമ്പായി ക്ലബ് അംഗങ്ങളുടെ പ്രഷർ, ഷുഗർ, ബോഡി മാസ് ഇൻഡക്സ് എന്നിവ ആരോഗ്യ പ്രവർത്തകർ പരിശോധിച്ചു. തുടർന്ന് എല്ലാവർക്കും അംഗത്വ കാർഡ് നൽകി. വ്യായാമ സമയങ്ങളിലെ പോഷകാഹാരത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ക്ലബ്ബ് അംഗങ്ങൾക്ക് ക്ലാസ്സുകളും നൽകുന്നുണ്ട്. 'നടത്തകൂട്ടങ്ങൾ' എല്ലാ ദിവസവും വൈകുന്നേരം അല്ലെങ്കിൽ രാവിലെ 5 മണിക്ക് ഒരു കേന്ദ്രത്തിൽ ഒത്തുചേർന്ന് സ്ട്രെച്ചിംഗ്, റൊട്ടേഷൻ വ്യായാമ മുറകൾ ചെയ്യും. തുടർന്ന് ഒന്നിച്ച് നടക്കുന്നു. എല്ലാ മാസവും ക്ലബ് അംഗങ്ങളുടെ പ്രഷർ, ഷുഗർ, ബോഡി മാസ്ഇൻഡക്സ് എന്നിവ ആരോഗ്യ പ്രവർത്തകർ പരിശോധിക്കുന്നുണ്ട്.

ഗ്രാമ പഞ്ചായത്തിന്റെ 2021-2022 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പരിപാടി ആരംഭിച്ചിരിക്കുന്നത്.

## കുടുംബാരോഗ്യ കേന്ദ്രത്തിൽ പ്രസവ സൗകര്യം ഒരുക്കി ആരോഗ്യപ്രവർത്തകർ

### ഏറ്റുമാനൂർ കുടുംബാരോഗ്യകേന്ദ്രത്തിൽ നാടോടി സ്ത്രീക്ക് സുഖപ്രസവം

കോട്ടയം: ആരോഗ്യപ്രവർത്തകരുടെ സമയോചിതമായ ഇടപെടൽ മൂലം പ്രസവ സൗകര്യങ്ങളൊന്നുമില്ലാത്ത ഏറ്റുമാനൂർ കുടുംബാരോഗ്യകേന്ദ്രത്തിൽ നാടോടി സ്ത്രീക്ക് സുഖപ്രസവം. 24 വയസ് പ്രായമായ മാളുവാണ് പെൺകുഞ്ഞിന് ജന്മം നൽകിയത്. മാളു ഭർത്താവായ സുബ്രഹ്മണ്യത്തിനൊപ്പമാണ് ഏറ്റുമാനൂർ ആശുപത്രിയിൽ എത്തിയത്. തുടർയാത്ര ബുദ്ധിമുട്ടാണെന്ന് മനസ്സിലാക്കിയ ആശുപത്രി ജീവനക്കാർ ചുരുങ്ങിയ സമയം കൊണ്ട് പ്രസവത്തിനുള്ള സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തു.

അമ്മയേയും കുഞ്ഞിനേയും തുടർചികിത്സക്കായി അടുത്തുള്ള കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലേക്കെത്തിക്കുന്നതിനായി ആംബുലൻസ് കാത്തുനിന്നെങ്കിലും ലഭ്യമായില്ല. തുടർന്ന് ഡ്യൂട്ടി ഡോക്ടർ ആനന്ദ കൃഷ്ണൻ ഓട്ടോറിക്ഷയിൽ ഇവരെ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചു. അവസരോചിതമായ ഇടപെടൽ നടത്തിയ ആരോഗ്യവകുപ്പിലെ ജീവനക്കാരെ സഹകരണ രജിസ്ട്രേഷൻ വകുപ്പ് മന്ത്രിയും സ്ഥലം എം. എൽ. എ.യുമായ വി. എൻ. വാസവൻ അഭിനന്ദിച്ചു. നഴ്സിംഗ് അസിസ്റ്റന്റ് വി. ആർ ഗിരിജ, നഴ്സിംഗ് ഓഫീസർ സിനി സി. നായർ. ഹൗസ് സർജൻ ഡോ. അനന്തകൃഷ്ണൻ, സീനിയർ അറ്റൻഡർ സി. കെ. സരസൻ എന്നിവരാണ് നേതൃത്വം നൽകിയത്.



